"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - 2026-27 സാമ്പത്തിക വർഷം- APIP- എംപവേർഡ് പ്രോഗ്രാം കമ്മിറ്റി(EPC) യോഗത്തിൽ പങ്കെടുക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.170/2026/WCDD    തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.166/2026/WCDD തീയതി 01/04/2026
2. കേന്ദ്രസർക്കാരിന്റെ 07/04/2026 തീയതിയിലെ CD-II-14/1/2026-CD-II നമ്പർ കത്ത്.
3. വനിത ശിശു വികസന വകുപ്പ ഡയറക്ടറുടെ 18/04/2026 തീയതിയിലെ DWCD/1148/2025-ICDSA4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ന്യൂഡൽഹിയിൽ വച്ച് ഏപ്രിൽ മാസം 22ാംതീയതി സംഘടിപ്പിക്കുന്ന 2026-27 വർഷത്തെ "മിഷൻ സക്ഷം അങ്കണവാടി & പോഷൺ 2.0" എന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ APIP പരിഗണിക്കുന്നതിനുള്ള EPC യോഗത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ, അഡീഷണൽ ഡയറക്ടർ , ജോയിന്റ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥർക്ക് പങ്കെടുക്കുന്നതിനും വിമാന മാർഗ്ഗം യാത്ര ചെയ്യുന്നതിനും പരാമർശം(1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത യോഗം 07/05/2026 തീയതിയിലേക്ക് മാറ്റിവെച്ച വിവരം പരാമർശം(2) പ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 07/05/2026 തീയതിയിൽ ന്യൂഡൽഹിയിൽ ചേരുന്ന 2026-27 വർഷത്തെ EPC യോഗത്തിൽ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ , ജോയിന്റ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥർക്ക് പങ്കെടുക്കുന്നതിനും വിമാന മാർഗ്ഗം യാത്ര ചെയ്യുന്നതിനും പരാമർശം(1) പ്രകാരമുള്ള അനുമതി ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് പരാമർശം(3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 07/05/2026 തീയതിയിൽ ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന 2026-27 വർഷത്തെ "മിഷൻ സക്ഷം അങ്കണവാടി & പോഷൺ 2.0" എന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ APIP പരിഗണിക്കുന്നതിനുള്ള EPC യോഗത്തിൽ വനിതാശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ഡോ. ഷർമ്മിള മേരി ജോസഫ് IAS), വകുപ്പ് ഡയറക്ടർ (ശ്രീമതി വി. വിഘ്നേശ്വരി IAS) , അഡീഷണൽ ഡയറക്ടർ (ശ്രീമതി. ബിന്ദു ഗോപിനാഥ്), ജോയിന്റ് ഡയറക്ടർ (ശ്രീമതി. ശിവന്യ എസ്.എൻ.) എന്നിവർക്ക് പങ്കെടുക്കുന്നതിനും, വിമാനമാർഗം യാത്ര ചെയ്യുന്നതിനുമുള്ള അനുമതി നൽകി ഇതിനാൽ

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 21-04-2026 17:09:19
സെക്ഷൻ ഓഫീസർ